നായയോ ചിത്രമോ ഉള്ള വീട്ടിൽ മലക്കുകൾ
പ്രവേശിക്കുകയില്ല
ُه عَنُْه- വൽഹ്ത ൂഅബ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "നായയോ ചിത്രമോ ഉള്ള വീട്ടിൽ
മലക്കുകൾ പ്രവേശിക്കുകയില്ല."
[صحيح] [متفق عليه]
നായയോ ആത്മാവുള്ളവയുടെ രൂപമോ ചിത്രമോ ഉള്ള വീട്ടിൽ കാരുണ്യത്തിൻ്റെ മലക്കുകൾ
പ്രവേശിക്കുകയില്ല എന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. കാരണം ആത്മാവുള്ളവയുടെ രൂപങ്ങൾ
നിർമ്മിക്കുക എന്നത് ഏറെ അപകടകരമായ തിന്മയാണ്. അല്ലാഹുവിൻ്റെ സൃഷ്ടിപ്പിനോട്
സദൃശ്യപ്പെടാൻ ശ്രമിക്കുക, ബഹുദൈവാരാധനയിലേക്കുള്ള മാർഗമാവുക, ചിലപ്പോഴെല്ലാം
അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയുടെ ചിത്രമാകുക എന്നിങ്ങനെ അനേകം തിന്മകൾ അതിൽ
അടങ്ങിയിട്ടുണ്ട്. നായയുള്ള വീട്ടിൽ നിന്ന് മലക്കുകൾ വിട്ടുനിൽക്കാനുള്ള കാരണം നായകൾ
ധാരാളമായി നജസ് (മാലിന്യം) ഭക്ഷിക്കുന്ന ജീവിയാണ് എന്നതാണ്. നായകളിൽ ചിലതിനെ ശൈത്വാൻ
(പിശാച്) എന്ന് വരെ ഹദീഥുകളിൽ വിശേഷിപ്പിച്ചതായി കാണാം. മലക്കുകളാകട്ടെ,
പിശാചുക്കൾക്ക് വിരുദ്ധമാണ്. നായകൾക്ക് മോശമായ മണമുണ്ട് എന്നതും മറ്റൊരു കാരണമാണ്;
മലക്കുകൾക്ക് മോശം മണങ്ങൾ ഇഷ്ടമല്ല. നായകളെ വളർത്തുന്നത് വിലക്കപ്പെട്ട കാര്യവുമാണ്;
അല്ലാഹു വിലക്കിയ പ്രവർത്തി ചെയ്തതിനുള്ള ഫലമായി കാരുണ്യത്തിൻ്റെ മലക്കുകൾ അവരുടെ
വീട്ടിൽ പ്രവേശിക്കുകയും അവിടെ പ്രാർത്ഥിക്കുകയും ആ വീട്ടിലുള്ളവർക്ക് വേണ്ടി
പാപമോചനം തേടുകയും, അവർക്ക് വേണ്ടി അനുഗ്രഹത്തിനായി തേടുകയും പിശാചിൻ്റെ ഉപദ്രവത്തിൽ
നിന്ന് അവരെ തടുക്കുകയും ചെയ്യുന്നതാണ് എന്ന സൗഭാഗ്യം തടയപ്പെട്ടിരിക്കുന്നു
എന്നർത്ഥം.
https://sunnah.global/hadeeth/ml/show/8950